LIBRARY ARCHIVES Kerala Legislative Assembly

റോസ്മല ഗവ. എൽ.പി.എസ്., യു.പി.എസ്. ആയി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൾ

31(2882) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ വിദ്യാഭ്യാസ ജില്ലയിൽ ഉൾപ്പെടുന്ന റോസ്മല ഗവ.എൽ.പി.സ്കൂൾ യു.പി . സ്കൂൾ ആയി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) റോസ്മല എൽ.പി.സ്കൂളിൽനിന്ന് തൊട്ടടുത്ത യു.പി. സ്കൂളിലേക്ക് എത്താൻ കുട്ടികൾക്ക് വനമേഖലയിലൂടെ 13 കി. മീറ്റർ സഞ്ചരിക്കേണ്ടി വരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ റോസ് മല എൽ.പി.സ്കൂൾ യു.പി. സ്കൂൾ ആയി അപ്ഗ്രേഡ് ചെയ്യുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റോസ്മല ഗവൺമെന്റ് എൽ.പി. സ്കൂൾ, യു.പി. സ്കൂളായി ഉയർത്തുന്ന വിഷയത്തിൽ തീരുമാനമെടുക്കുന്നതിനായി മന്ത്രിസഭ മുമ്പാകെ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപ്ഗ്രഡേഷനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്.

കേരള ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ്

32(2883) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപകർ കേരള ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ് പാസ്സാവണമെന്ന നിബന്ധനയുണ്ടോ ;

(ബി) ഇതനുസരിച്ചാണോ പബ്ലിക് സർവ്വീസ് കമ്മീഷൻ റിക്രൂട്ട്മെൻറ് നടത്തുന്നത് ;

(സി) ഒരു പ്രാവശ്യം ടെസ്റ്റ് പാസ്സായ ആൾ ഏഴ് വർഷത്തിനകം ജോലിയിൽ പ്രവേശിച്ചില്ലെങ്കിൽ വീണ്ടും ടെസ്റ്റ് പാസാകേണ്ടതുണ്ടോ ;

(ഡി) ഇത്തരം ഒരു നിബന്ധന നെറ്റ് പാസായവർക്കോ സെറ്റ് പാസായവർക്കോ ഏർപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത നിബന്ധന ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അല്ല. ഇതിന് പ്രത്യേകമായി സർക്കാർ ഉത്തരവു പുറപ്പെടുവിക്കേണ്ടതുണ്ട്.

(സി) ഉണ്ട്.

(ഡി) ഇല്ല. പരിശോധിക്കുന്നതാണ്.

ജോലി നഷ്ടപ്പെട്ട അദ്ധ്യാപകരെ സർക്കാർ സർവ്വീസിൽ ലയിപ്പിക്കുന്നത് സംബന്ധിച്ച്

33(2884) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനാദായകരമായി പ്രവർത്തിച്ചിരുന്ന കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ എ.എം.എൽ.പി. സ്കൂൾ അടച്ചുപൂട്ടിയതിനെത്തുടർന്ന് ജോലി നഷ്ടപ്പെട്ട അദ്ധ്യാപകരെ സർക്കാർ സർവ്വീസ്സിൽ ലയിപ്പിക്കണമെന്ന കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) 1-6-2005 മുതൽ വിവിധ സർക്കാർ സ്കൂളുകളിൽ ജോലി ചെയ്യുവരുന്ന പ്രസ്തുത അദ്ധ്യാപകരുടെ സർവ്വീസ് റഗുലറൈസ് ചെയ്യുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ;

(സി) പ്രസ്തുത അദ്ധ്യാപകരുടെ സർവ്വീസ് ആനുകൂല്യങ്ങൾ മുടങ്ങി കിടക്കുന്നതുമൂലമുള്ള പ്രയാസങ്ങൾ ദൂരീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

ലാബ് അസിസ്റ്റന്റ് തസ്തികയിലെ നിയമനം

34(2885) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ ലാബ് അസിസ്റ്റന്റ് തസ്തികയിൽ എത്രപേർക്ക് നിയമനം നൽകിയെന്ന് ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഒഴിവ് എത്രയാണെന്നറിയിക്കുമോ; ഒഴിവുകൾ സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരം നൽകുമോ; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly